## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *556 — 27.7.2015- ൽ മറുപടിക്ക്

## ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കർമ്മപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ലൂഡി ലൂയിസ് | അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |

I. പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തൽ

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉള്ള കർമ്മ പദ്ധതികൾ താഴെ ചേർക്കുന്നു.

1. ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS)

ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുകയും പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ "ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം -II ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടം പൂർത്തിയായിട്ടുണ്ട്. ഇതിന് വേണ്ടി 2015-16 വർഷത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. വാട്ടർ മീറ്റർ കാലിബ്രേഷൻ യൂണിറ്റ്

എറണാകുളത്ത് കാക്കനാട്ടുള്ള ലീഗൽ മെട്രോളജി ഭവനിൽ പുതിയ വാട്ടർ മീറ്റർ കാലിബ്രേഷൻ യൂണിറ്റിന്റെ ആദ്യഘട്ടം ആരംഭിക്കുന്നതിന് 2015-16 ബജറ്റിൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. <u>ഉപകരണങ്ങൾ വാങ്ങുക</u>

വകുപ്പിന് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ, സ്റ്റാമ്പിംഗ് പഞ്ചുകൾ, സ്റ്റാൻഡിംഗ്പാഡുകൾ എന്നിവ വാങ്ങുന്നതിന് 2015-16 സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. <u>ഓഫീസുകളുടെ നവീകരണം</u>

വകുപ്പിന്റെ കൺട്രോളർ ഓഫീസ്, ഡെപ്യൂട്ടി കൺട്രോളർ ഓഫീസ്, അസിസ്റ്റന്റ് കൺട്രോളർ ഓഫീസ് എന്നിവിടങ്ങളിൽ ഫ്രണ്ട് ഓഫീസ്, ക്യാബിൻ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തി നവീകരിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

II. <u>പരസ്യ പ്രചാരണം</u>

അളവ്, തൂക്കം എന്നിവയും സൂക്ഷ്മത ഉറപ്പാക്കുന്നതിലൂടെ ഉപഭോക്തതാക്കളുടെ താൽപര്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പിന്റെ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിന് പ്രചാരണം നടത്തുന്നതിന് 7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

III. <u>പരിശീലന പരിപാടികൾ</u>

വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് 2015-16 സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

IV. <u>ലീഗൽ മെട്രോളജി ഓഫീസുകൾക്ക് കെട്ടിട നിർമ്മാണം.</u>

ലീഗൽ മെട്രോളജി വകുപ്പിന്റെ വിവിധ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്; | (ബി) | സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനസഹായത്തോടെയാണ് ഇവ നടപ്പാക്കുന്നത്. |
| (സി) | ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപികൾ എടുത്തിട്ടുണ്ട് ; | (സി) | 1. ലീഗൽ മെട്രോളജി ഭവൻ നിർമ്മാണം (- 500 ലക്ഷം രൂപ)<br>2. ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (രണ്ടാം ഘട്ടം) (- 100 ലക്ഷം രൂപ) |

3. വാട്ടർ മീറ്റർ കാലിബ്രേഷൻ യൂണിറ്റ് - 75 ലക്ഷം രൂപ)
4. ഉപകരണങ്ങൾ വാങ്ങുന്നത് - (75 ലക്ഷം രൂപ)
5. ഓഫീസുകളുടെ നവീകരണം- (25 ലക്ഷം രൂപ)

എന്നിവയ്ക്ക് 4.6.2015 ലെ G.O(Rt.)2889/15/RD ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**